"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ആയുർവേദ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സ് - സർക്കാർ / സ്വകാര്യ കോളേജുകൾ / സ്വകാര്യ സ്ഥാപനങ്ങൾക്ക് നടത്താനുള്ള അനുമതി നൽകിയും പ്രസ്തുത കോഴ്സുകളുടെ വിവിധ ഇനം ഫീസുകൾക്ക് അംഗീകാരം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.80/2026/AYUSH തീയതി,തിരുവനന്തപുരം, 09-02-2026

പരാമർശം:- 1. സ.ഉ.(കൈ) നം.474/2024/ആയുഷ് തീയതി 09.10.2025

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പി1/32/2020/ഡിഎഎംഇ നമ്പർ കത്ത്

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകപ്പിന് കീഴിൽ നടത്തുന്ന ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകളായ ആയുർവേദ തെറാപ്പിസ്റ്റ്, ആയുർവേദ നഴ്സിംഗ്, ആയുർവേദ ഫാർമസിസ്റ്റ് എന്നീ കോഴ്സുകളുടെ സിലബസ്/ കരിക്കുലം എന്നിവ ഡിപ്ലോമ കോഴ്സുകളായി പരിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2.സംസ്ഥാനത്ത് മൂന്ന് സർക്കാർ ആയുർവേദ കോളേജ് , രണ്ട് എയ്ഡഡ് ആയുർവേദ കോളേജ് എന്നിവയ്ക്ക് പുറമെ ഒരു അർദ്ധസർക്കാർ സ്ഥാപനത്തിലും 17 സ്വാശ്രയ ആയുർവേദ കോളേജുകളിലും/സ്ഥാപനങ്ങളിലും ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിന് പരാമർശത്തിലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

**<u>സർക്കാർ മേഖലയിൽ കോഴ്സ് അനുവദിക്കാവുന്ന സ്ഥാപനങ്ങളും, ഓരോ കോഴ്സുകളിലും അനുവദിക്കാവുന്ന സീറ്റുകളുടെ എണ്ണം.</u>**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആയുർവേദ തെറാപ്പിസ്റ്റ് | ആയുർവേദ ഫാർമസിസ്റ്റ് | ആയുർവേദ നഴ്സിംഗ് |
|---|---|---|---|---|
| 1 | ഗവ.ആയുർവേദ കോളേജ് തിരുവനന്തപുരം | 60 | 60 | 50 |
| 2 | ഗവ.ആയുർവേദ കോളേജ് തൃപ്പൂണിത്തുറ | 30 | 30 | 30 |
| 3 | ഗവ.ആയുർവേദ കോളേജ് കണ്ണൂർ | 30 | Nil | 30 |

**എയ്ഡഡ് മേഖലയിൽ കോഴ്സ് അനുവദിക്കാവുന്ന സ്ഥാപനങ്ങളും, ഓരോ കോഴ്സുകളിലും അനുവദിക്കാവുന്ന സീറ്റുകളുടെയും എണ്ണം.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആയുർവേദ തെറാപ്പിസ്റ്റ് | ആയുർവേദ ഫാർമസിസ്റ്റ് | ആയുർവേദ നഴ്സിംഗ് |
|---|---|---|---|---|
| 1 | വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ | 30 | 30 | 30 |
| 2 | വി.പി.എസ്.വി ആയുർവേദ കോളേജ്, കോട്ടക്കൽ | 30 | 30 | 30 |

**അർദ്ധ-സർക്കാർ മേഖലയിൽ കോഴ്സ് അനുവദിക്കാവുന്ന സ്ഥാപനങ്ങളും, ഓരോ കോഴ്സുകളിലും അനുവദിക്കാവുന്ന സീറ്റുകളുടെ എണ്ണവും.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആയുർവേദ തെറാപ്പിസ്റ്റ് | ആയുർവേദ ഫാർമസിസ്റ്റ് | ആയുർവേദ നഴ്സിംഗ് |
|---|---|---|---|---|
| 1 | ദ ഫാർമസ്യൂട്ടിക്കിൾ കോർപ്പറേഷൻ ഇന്ത്യൻ മെഡിസിൻ കേരള ലിമിറ്റഡ് (ഔഷധി) | 30 | 30 | 30 |

**സ്വകാര്യമേഖലയിൽ കോഴ്സ് അനുവദിക്കാവുന്ന സ്ഥാപനങ്ങളും, ഓരോ കോഴ്സുകളിലും അനുവദിക്കാവുന്ന സീറ്റുകളുടെ എണ്ണം**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആയുർവേദ തെറാപ്പിസ്റ്റ് | ആയുർവേദ ഫാർമസിസ്റ്റ് | ആയുർവേദ നഴ്സിംഗ് |
|---|---|---|---|---|
| 1 | പങ്കജകസ്തൂരി ആയുർവേദ കോളേജ്, കാട്ടാക്കട | 30 | 25 | 30 |
| 2 | ശാന്തിഗിരി സിദ്ധ കോളേജ്, കോലിയക്കോട് | 30 | 25 | 25 |
| 3 | ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് & റിസർച്ച് സെന്റർ, കൊല്ലം | 30 | 25 | 30 |
| 4 | വിഷ്ണു ആയുർവേദ കോളേജ്, ഷൊർണ്ണൂർ | 30 | 25 | 30 |
| 5 | എം. വി. ആർ. ആയുർവേദ കോളേജ്, പറശ്ശിനിക്കടവ്, കണ്ണൂർ | 30 | - | - |
| 6 | ശ്രീധരീയം ആയുർവേദിക് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് | 30 | 25 | 30 |

| | | | | |
|---|---|---|---|---|
| | കുത്താട്ടുകുളം | | | |
| 7 | അമല ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, തൃശ്ശൂർ | 30 | 25 | 30 |
| 8 | മന്നം ആയുർവേദ കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പന്തളം | 30 | 30 | 20 |
| 9 | നങ്ങേലിൽ ആയുർവേദ മെഡിക്കൽ കോളേജ്, കോതമംഗലം. | 30 | 30 | 30 |
| 10 | പി.എൻ.എൻ.എം. ആയുർവേദ കോളേജ് (കേരള ആയുർവേദ സമാജം), ചെറുതുരുത്തി | 30 | 30 | 30 |
| 11 | അഹല്യ ആയുർവേദ കോളേജ്, പാലക്കാട് | 30 | 30 | 30 |
| 12 | കെ.എം.സി.റ്റി ആയുർവേദ കോളേജ്, കോഴിക്കോട് | 30 | 30 | 30 |
| 13 | പി.എൻ.പണിക്കർ സൗഹൃദ ആയുർവേദ കോളേജ്, കാഞ്ഞങ്ങാട് | 30 | 30 | 30 |
| 14 | അഷ്ടംഗം ആയുർവേദ കോളേജ്, ഷൊർണ്ണൂർ | 25 | - | 25 |
| 15 | ശാന്തിഗിരി ആയുർവേദ കോളേജ്, പാലക്കാട് | 20 | 20 | 20 |
| 16 | അമൃത സ്കൂൾ ഓഫ് ആയുർവേദ ,കൊല്ലം | 30 | 30 | 30 |
| 17 | എൻ.എസ് ആയുർവേദ ഹോസ്പിറ്റൽ, കൊല്ലം | 20 | - | 20 |

3.ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ സ്വാശ്രയ കോളേജു/സ്ഥാപനങ്ങളിൽ നിലവിൽ പിന്തുടർന്നു വരുന്ന 50:50 എന്ന സീറ്റ് അനുപാതം (സ്വകാര്യമേഖലയിലെ ആകെ സീറ്റുകളുടെ 50 % സർക്കാർ മെറിറ്റ് ആയും 50 % ശതമാനം മാനേജ്മെന്റ് ക്വാട്ടയായും) തുടർന്നും ഡിപ്ലോമ കോഴ്സുകളിലേക്ക് അനുവദിക്കാവുന്നതാണ് എന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**ആയുർവേദ പാരാമെഡിക്കൽ കോഴ്സുകൾ അനുവദിക്കുന്നതിനായി സ്വാശ്രയ കോളേജുകൾ/ സ്ഥാപനങ്ങൾ സർക്കാരിലേക്ക് ഒടുക്കേണ്ട ഫീസുകൾ**

| ക്രമ നം | ഫീസ് ഇനം (ഓരോ കോഴ്സിനും) | ഡിപ്ലോമ കോഴ്സുകൾക്കായി ശിപാർശ ചെയ്യുന്ന ഫീസ്(രൂപയിൽ) |
|---|---|---|
| 1 | ആപ്ലിക്കേഷൻ ഫീസ് | 75,000/-(ഓരോ കോഴ്സിനും) |
| 2 | പ്രോസസ്സിംഗ് ഫീസ് | 75,000/-(ഓരോ കോഴ്സിനും) |
| 3 | ബാങ്ക് ഗ്യാരണ്ടി (ഒരു സ്ഥാപനത്തിന്) | 5,00,000/- |
| | | |

| | | |
|---|---|---|
| 4 | കോഴ്സ് പുതുക്കൽ ഫീസ് | 25,000/-(ഓരോ കോഴ്സിനും) |
| 5 | പരീക്ഷ നടത്തിപ്പ് ഫീസ് | 25,000/- |

4.നിലവിലെ സർക്കാർ മെറിറ്റ് സീറ്റിലെ ഫീസ്, മാനേജ്മെൻറ് സീറ്റിലെ ഫീസ് എന്നിവ ഒരു വർഷത്തെ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കായി നിശ്ചയിച്ചിട്ടുള്ളതാണ്. കോഴ്സുകൾ ഡിപ്ലോമ നിലവാരത്തിലേക്ക് പരിഷ്കരിക്കുമ്പോൾ ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സിന്റെ ദൈർഘ്യം 2 വർഷവും (6 മാസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ), ആയുർവേദ ഫാർമസിസ്റ്റ് കോഴ്സിന്റെ ദൈർഘ്യം 1 വർഷവും 8 മാസവും (2 മാസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ), ആയുർവേദ നഴ്സിംഗ് കോഴ്സിന്റെ ദൈർഘ്യം 1 വർഷവും (2 മാസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ) ആയാണ് പുതിയ സിലബസ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ടി വിഷയത്തിന്റെ വിവിധ വശങ്ങൾ പരിഗണിച്ചുകൊണ്ട് ചുവടെ പറയുന്ന പ്രകാരം ഫീസുകൾ പരിഷ്കരിക്കണമെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം | ഫീസ് ഇനം | ശിപാർശ ചെയ്യുന്ന ഫീസ്(രൂപയിൽ) |
|---|---|---|
| 1 | സർക്കാർ മെറിറ്റ് സീറ്റിലെ ഫീസ് | 8,000/-(പ്രതി വർഷം) |
| 2 | മാനേജ്മെന്റ് സീറ്റിലെ ഫീസ് | 25,000/-(പ്രതി വർഷം) |
| 3 | ക്വാഷൻ ഡിപ്പോസിറ്റ് | 2,000/- |

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 3 സർക്കാർ കോളേജുകൾ, 2 എയ്ഡഡ് കോളേജുകൾ, ഔഷധി, 17 സ്വകാര്യ കോളേജുകൾ/സ്ഥാപനങ്ങൾ എന്നിവയിൽ ആയുർവേദ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ (Therapist, Nursing, Pharmacist) നടത്തുന്നതിന് പട്ടികയിൽ സൂചിപ്പിച്ച പ്രകാരം സീറ്റുകൾ അനുവദിച്ചും, മേൽസൂചിപ്പിച്ച പുതുക്കിയ ഫീസ് ഘടന അംഗീകരിച്ചും ഉത്തരവാകുന്നു.

6.ആപ്ലിക്കേഷൻ ഫീസ്, പ്രോസസ്സിംഗ് ഫീസ്, ബാങ്ക് ഗ്യാരണ്ടി എന്നിവ ഡിപ്ലോമ കോഴ്സുകൾക്കായി സർക്കാർ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന എല്ലാ സ്വകാര്യ കോളേജുകളിൽനിന്നും/സ്ഥാപനങ്ങളിൽ നിന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഈടാക്കേണ്ടതാണ്.ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ സ്വാശ്രയ കോളേജ്/സ്ഥാപനങ്ങളിൽ നിലവിൽ പിന്തുടർന്നു വരുന്ന 50:50 എന്ന സീറ്റ് അനുപാതം (സ്വകാര്യമേഖലയിലെ ആകെ സീറ്റുകളുടെ 50% സർക്കാർ മെറിറ്റ് ആയും 50% മാനേജ്മെന്റ് ക്വാട്ടയായും) തുടർന്നും ഡിപ്ലോമ കോഴ്സുകളിലേക്ക് അനുവദിക്കുവാനും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ ,ഔഷധി , തൃശ്ശൂർ
പ്രിൻസിപ്പൽ , ഗവ. ആയുർവേദ കോളേജ് , തിരുവനന്തപുരം /തൃപ്പൂണിത്തുറ/കണ്ണൂർ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ , വൈദ്യരത്നം ആയുർവേദ കോളേജ് , ഒല്ലൂർ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ

ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ , വി.പി.എസ്.വി ആയുർവേദ കോളേജ് , കോട്ടക്കൽ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട സ്വകാര്യ സ്ഥാപനങ്ങൾക്ക് / കോളേജുകൾക്ക്( ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള , തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Baiju G

Date: 10-02-2026 10:35:30

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്